**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) ഭരണവിഭാഗം**
**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ**
**(പൂർണ്ണ അധിക ചുമതല) നടപടി ഉത്തരവ്**

പുറപ്പെടുവിക്കുന്നത് : ദേവേന്ദ്രകുമാർ വർമ്മ ഐ.എഫ്.എസ്.

വിഷയം :- വനം വകുപ്പ് - ജീവനക്കാര്യം - താഴ്ന്ന ശമ്പള സ്കെയിലിലുള്ള തസ്തികയിൽ നിന്നും എൽ.ഡി.ക്ലർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം നൽകിയ ഉത്തരവ് റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :-
1. ജി.ഒ.(പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി 19.07.2014.
2. ജി.ഒ.(പി) നമ്പർ 04/2020/ഉ.ഭ.പ.വ തീയതി 22-01-2020.
3. ഈ ഓഫീസിലെ 12.06.2020, 23.10.2020, 11-11-2020, 27.11.2020 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഹൈറേഞ്ച് സർക്കിൾ) 20.07.2015-ലെ ഇ1-1832/2014 നമ്പർ കത്ത് പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ 10-07-2015 തീയതി കണക്കാക്കിയുള്ള ഹൈറേഞ്ച് സർക്കിൾതല സീനിയോറിറ്റി ലിസ്റ്റ് .
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഹൈറേഞ്ച് സർക്കിൾ) 17.12.2020-ലെ ഉത്തരവ് നമ്പർ ഇ1-5273/2019.

**ഉത്തരവ് നമ്പർ ഇ2-1105/2020 തീയതി 24.12.2020**

ആസ്ഥാന ഒഴിവിൽ നിയമിതരാകുന്നവർക്ക് അവരുടെ നിയമന അർഹതയും സീനിയോരിറ്റിയും സൂചന (1) പ്രകാരം അവരുടെ ഓപ്റ്റഡ് ജില്ലയായിരിക്കും. താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള ജീവനക്കാർക്ക് ജില്ലാ അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കണമെന്ന് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസറുടെ നിയമന ശുപാർശ പ്രകാരം വനംവകുപ്പിൽ ആസ്ഥാന ഒഴിവിൽ ഓഫീസ് അറ്റൻഡന്റായി നിയമിതയായ ശ്രീമതി.സുലോചന.സി.കെ-യെ, കോട്ടയം ജില്ലയിൽ നിന്നുള്ള താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ളവർക്ക് ക്ലർക്കായി തസ്തികമാറ്റം അനുവദിക്കുന്നതിനുള്ള കോട്ടയം ജില്ലാതല സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സൂചന (3) പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിളിനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോട്ടയത്തിനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അപ്രകാരം ശ്രീമതി.സുലോചന.സി.കെ-യെ കോട്ടയം ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താതെ, സീനിയോറിറ്റി പ്രകാരം ശ്രീമതി.സുലോചന.സി.കെ-യ്ക്ക് ശേഷമുള്ള ശ്രീ.ഹരികുമാർ.സി.ആർ-ന് ക്ലർക്കായി സൂചന (5) പ്രകാരം കോട്ടയം ഹൈ റേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികമാറ്റം അനുവദിച്ചിരുന്നു. സൂചന (4) പ്രകാരം ഹൈ റേഞ്ച് സർക്കിളിൽ നിന്നും പ്രസിദ്ധീകരിച്ച താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള ജീവനക്കാരുടെ 10-07-2015 തീയതി കണക്കാക്കിയുള്ള സർക്കിൾ തല സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.സുലോചന.സി.കെ-യുടെ സീനിയോറിറ്റി നമ്പർ 12-ഉം ശ്രീ.ഹരികുമാർ.സി.ആർ ന്റെ സീനിയോറിറ്റി നമ്പർ 14- ഉം ആണ്. കോട്ടയം ജില്ലയിലെ താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാരുടെ നിയമനവും സീനിയോറിട്ടിയും സംബന്ധിച്ചുള്ള ഫയലുകൾ, കോട്ടയം ഡിവിഷനിലേയും ഹൈ റേഞ്ച് സർക്കിളിലെയും സീനിയർ സൂപ്രണ്ടുമാരുടെ സാന്നിധ്യത്തിൽ വനം വകുപ്പ് ആസ്ഥാനത്ത്വച്ച് പരിശോധിച്ചതിൽ സീനിയറായ ശ്രീമതി.സുലോചന.സി.കെ യെ മറികടന്ന് ശ്രീ.ഹരികുമാർ.സി.ആർ-നു ക്ലർക്കായി തസ്തികമാറ്റം അനുവദിച്ചതിൽ അപാകത ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം

ജില്ലയിൽ ക്ലറിക്കൽ തസ്തികയിൽ ആദ്യം ഉണ്ടായ ഒഴിവിൽ ശ്രീമതി.സുലോചന.സി.കെ-യ്ക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ, ടിയാളെക്കാൾ ജൂനിയറായ ശ്രീ.ഹരികുമാർ.സി.ആർ-ന് ക്ലർക്കായി തസ്തികമാറ്റം അനുവദിച്ചുകൊണ്ടുള്ള സൂചന (5) ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

കോട്ടയം ജില്ലയിൽ ആദ്യം ഉണ്ടായ ക്ലാർക്കിന്റെ ഒഴിവിൽ ശ്രീമതി.സുലോചന.സി.കെ- യ്ക്ക് തസ്തികമാറ്റം അനുവദിച്ചുകൊണ്ടും, സൂചന (1) ഉത്തരവിലെ ഖണ്ഡിക VIII പ്രകാരം ശ്രീമതി.സുലോചന.സി.കെ-യ്ക്ക് ശേഷമുള്ളവർക്ക് തസ്തികമാറ്റം അനുവദനീയമാണെങ്കിൽ അപ്രകാരം തസ്തികമാറ്റം അനുവദിച്ചുകൊണ്ടും ഉടൻ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(പ്ലാനിംഗ് & ഡെവലപ്മെന്റ്)
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം) (പൂർണ്ണ അധിക ചുമതല)

പകർപ്പ്:

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയത്തിന് അടിയന്തര തുടർ നടപടികൾക്കായി നൽകുന്നു.
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയത്തിന് അറിവിലേക്കായി നൽകുന്നു.
3. വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് സി.സി.എഫ് (IT) യ്ക്ക് നൽകുന്നു.